**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1074** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഇ.എസ്.ഐ ആശുപത്രി നിർമ്മാണത്തിനായി ട്രാവൻകൂർ റയോൺസ് ഭൂമി കൈമാറ്റം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ഇ.എസ്.ഐ പരിധിയിൽ വരുന്ന ഏകദേശം എഴുപത്തയ്യായിരത്തോളം തൊഴിലാളികൾ അധിവസിക്കുന്ന പെരുമ്പാവൂരിൽ കിടത്തി ചികിത്സക്കായി ആശുപത്രി നിലവിലില്ല. അഞ്ചേക്കർ സ്ഥലം ലഭ്യമായാൽ ആശുപത്രി അനുവദിക്കാമെന്ന് ഇ.എസ്.ഐ കോർപ്പറേഷൻ അധികാരികൾ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിന്റെ അഞ്ച് ഏക്കർ സ്ഥലം ഇ.എസ്.ഐ ആശുപത്രി നിർമ്മിക്കുന്നതിന് വേണ്ടി വിട്ടു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ട്രാവൻകൂർ റയോൺസിന് പാട്ടത്തിന് നൽകിയിരുന്നതും കമ്പനി പ്രവർത്തനം നിലച്ചതിനെ തുടർന്ന് ബഹു. ഹൈക്കോടതി ഒഫീഷ്യൽ ലിക്വിഡേറ്ററുടെ അധീനതയിലുള്ളതുമായ 75 ഏക്കറോളം വരുന്ന ഭൂമിയിൽ നിന്നും 5 ഏക്കർ ഭൂമി കെ.എസ്.ഇ.ബി-ക്ക് കൈമാറിയിട്ടുള്ളതും, ബാക്കി ഭൂമി കിൻഫ്രയ്ക്ക് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനു വിട്ടു നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി, കിൻഫ്ര എന്നീ സ്ഥാപനങ്ങൾക്ക് കൈമാറിയ 35 ഏക്കറിനുശേഷമുള്ള ഭൂമിയിൽ നിന്നും 5 ഏക്കർ ഭൂമി ഇ.എസ്.ഐ. ആശുപത്രി നിർമ്മിക്കുന്നതിന് വിട്ടു നൽകുന്നതിനുള്ള പ്രൊപ്പോസൽ തൊഴിലും നൈപുണ്യവും വകുപ്പ് റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. കിൻഫ്രക്ക് കൈമാറിയ 30 ഏക്കറിന് പുറമേ അവശേഷിക്കുന്ന ഭൂമി കൂടി കിൻഫ്രക്ക് നൽകണമെന്ന് വ്യവസായ വകുപ്പും ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂമി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ എ3/129/2022/റവന്യൂ നം. ഫയലിൽപരിശോധിച്ചു വരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**